**ഒളരെ അടിയന്തരം**

നമ്പർ.ഇ.എക്സ്.സി.ജനറൽ 2/53000/2025/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാഭവൻ,
പൂജപ്പുര,തിരുവനന്തപുരം-12
തീയതി: 29/06/2026

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (K.TET) ഡിസംബർ 2025 - പരീക്ഷാർത്ഥികളുടെ അസൽ സർട്ടിഫിക്കറ്റ് പരിശോധിച്ച് പരീക്ഷ എഴുതുന്നതിന് യോഗ്യതയുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉറപ്പു വരുത്തുന്നത്-സംബന്ധിച്ച്.

സൂചന:- 22/12/2025-ലെ ഇതേ നമ്പർ കെ.ടെറ്റ് പരീക്ഷാവിജ്ഞാപനം.

പരീക്ഷാഭവൻ 2026 ഫെബ്രുവരി 22, 23 തീയതികളിൽ നടത്തിയ കെ-ടെറ്റ് ഡിസംബർ 2025 പരീക്ഷാഫലം പ്രഖ്യാപിച്ചിട്ടുള്ളതും വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധന ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് **30/06/2026 മുതൽ 12/07/2026 വരെ** ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ സൗകര്യപ്രദമായ രീതിയിൽ തീയതി ക്രമീകരിച്ച് വെരിഫിക്കേഷൻ നടത്തേണ്ടതാണ്. അർഹരായ എല്ലാ പരീക്ഷാർത്ഥികളെയും ഉചിതമാർഗ്ഗേന അറിയിപ്പ് നൽകി ജില്ലാവിദ്യാഭ്യാസ ആഫീസർമാർ മറ്റു ദൈനംദിന ജോലികൾക്കും എസ്.എസ്.എൽ.സി. പരീക്ഷയുടെ നടപടി ക്രമങ്ങൾക്കും തടസ്സം വരാത്ത വിധത്തിൽ ഉചിതമായ ക്രമീകരണം വരുത്തി സർട്ടിഫിക്കറ്റുകളുടെ പരിശോധന പൂർത്തീകരിക്കേണ്ടതാണ്.

**12/07/2026 -ന്ശേഷം വെരിഫിക്കേഷൻ ലിങ്ക് ക്ലോസ് ചെയ്യുന്നതാണ് എന്നറിയിക്കുന്നു.**

- പരീക്ഷാഭവന്റെ കെ-ടെറ്റ് വിജ്ഞാപനപ്രകാരം മതിയായ യോഗ്യത ഉണ്ടെന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ വെരിഫിക്കേഷൻ പൂർത്തീകരിച്ച് നൽകുവാൻ പാടുള്ളൂ. യോഗ്യതയില്ലാത്തവർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ട സാഹചര്യമുണ്ടായാൽ ആയതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം അതത് ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് മാത്രമായിരിക്കും.
- കെ-ടെറ്റ് വിജ്ഞാപന പ്രകാരം ഓരോ വിഭാഗത്തിലും പരീക്ഷാർത്ഥികൾക്ക് വേണ്ട യോഗ്യതകൾ നിഷ്ക്കർഷിച്ചിട്ടുള്ളതും ആയത ്പ്രകാരമുള്ള എല്ലാ അസൽ രേഖകളും പരിശോധിക്കേണ്ടതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരീക്ഷാഫലം പ്രസിദ്ധീകരിച്ചതു മുതൽ 7 വർഷം വരെ ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. ആയത് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ടതില്ല.
- എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും ഒരു ദിവസം എത്ര സർട്ടിഫിക്കറ്റുകൾ പരിശോധിക്കാമെന്ന് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ദിവസങ്ങളിൽ ഏതൊക്കെ രജിസ്റ്റർ നമ്പറിലുള്ള പരീക്ഷാർത്ഥികളാണ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി എത്തേണ്ടതെന്ന് കാറ്റഗറി തിരിച്ച് പത്രമാധ്യമങ്ങൾ മുഖേന മുൻകൂട്ടി അറിയിപ്പ് നൽകേണ്ടതാണ്.
- സർട്ടിഫിക്കറ്റുകളുടെ പരിശോധന **30/06/2026 മുതൽ 12/07/2026** നടത്തേണ്ടതും അതോടൊപ്പം തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്.

- മുൻവർഷങ്ങളിൽ പരീക്ഷ എഴുതി വിജയിച്ചവരുടെ സർട്ടിഫിക്കറ്റുകൾ വെരിഫിക്കേഷൻ നടത്താൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ഇതോടൊപ്പം വെരിഫിക്കേഷൻ പൂർത്തീകരിച്ച് നൽകേണ്ടതാണ്.
- ജനന തീയതി, പേര്, ഫോട്ടോ എന്നിവ അപേക്ഷാ സമർപ്പണവേളയിൽ തെറ്റായി രേഖപ്പെടുത്തിയവർക്ക് വെരിഫിക്കേഷൻ നടത്തി നൽകാൻ പാടില്ലാത്തതും ചുവടെ പറയുന്ന രേഖകൾ സഹിതം പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷ വാങ്ങി സമയ ബന്ധിതമായിതന്നെ പരീക്ഷാ ഭവനിലേയ്ക്ക് അയച്ച് നൽകേണ്ടതും പരീക്ഷാഭവനിൽ നിന്നും പ്രസ്തുത തെറ്റ് തിരുത്തി പുതിയ ഹാൾടിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വെരിഫിക്കേഷൻ നടത്തി നൽകുവാൻ പാടുള്ളൂ.

**ജനന തീയതി തിരുത്തുന്നതിന്** : പരീക്ഷാർത്ഥിയുടെ അപേക്ഷ, ഹാൾടിക്കറ്റിന്റെ പകർപ്പ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെസാക്ഷ്യപ്പെടുത്തിയ പകർപ്പ്, 100 രൂപയുടെ ചെലാൻ ''**0202–01–102–92**'' എന്ന ഹെഡിൽ ഒടുക്കിയതിന്റെ അസൽ, **സ്വന്തം അഡ്രസ് എഴുതി രജിസ്റ്റേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ ലഭിക്കത്തക്ക വിധത്തിൽ സ്റ്റാമ്പ് പതിപ്പിച്ച കവർ** എന്നിവ ഉൾപ്പെടുത്തി അപേക്ഷ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖാന്തരം സമർപ്പിക്കേണ്ടതാണ്.

**പേര് തിരുത്തുന്നതിന്** : പരീക്ഷാർത്ഥിയുടെ അപേക്ഷ, ഹാൾടിക്കറ്റിന്റെ പകർപ്പ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 100 രൂപയുടെ ചെലാൻ ''**0202–01–102–92**'' എന്ന ഹെഡിൽ ഒടുക്കിയതിന്റെ അസൽ, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെയും കെ–ടെറ്റ് അപേക്ഷയിലും രേഖപ്പെടുത്തിയിരിക്കുന്ന പേരുകൾ ഒരാളുടെ തന്നെയാണെന്ന് സ്വയം സത്യപ്രസ്താവന ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്, **സ്വന്തം അഡ്രസ് എഴുതി രജിസ്റ്റേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ ലഭിക്കത്തക്ക വിധത്തിൽ സ്റ്റാമ്പ് പതിപ്പിച്ച കവർ** എന്നിവ ഉൾപ്പെടുത്തി അപേക്ഷ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖാന്തരം സമർപ്പിക്കേണ്ടതാണ്.

**ഫോട്ടോ തിരുത്തുന്നതിന്** :

1. **ഫോട്ടോയുടെ Background plane ആയിരിക്കണം. ഫോട്ടോ വ്യക്തമായിരിക്കണം.**
2. ഫോട്ടോ CD യിലാക്കി സമർപ്പിക്കണം. (**size 20 KBയ്ക്കും 30 KBയ്ക്കും** ഇടയിൽ ആയിരിക്കണം).
3. ഇതേ ഫോട്ടോ പതിച്ച്, പരീക്ഷ എഴുതിയ സെന്ററിലെ പ്രഥമാധ്യാപകൻ നൽകുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും സമർപ്പിക്കണം (**ഫോട്ടോയിൽ പ്രഥമാധ്യാപകന്റെ ഒപ്പും സീലും പതിയ്ക്കണം**).
4. ഹാൾടിക്കറ്റ്/റിസൽട്ട് എന്നിവയുടെ പകർപ്പുകൾ സമർപ്പിക്കണം.
5. **സ്വന്തം അഡ്രസ് എഴുതി രജിസ്റ്റേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ ലഭിക്കത്തക്ക വിധത്തിൽ സ്റ്റാമ്പ് പതിപ്പിച്ച കവർ.**
6. **"0202-01-102-92 other receipts"** എന്ന ഹെഡ്ഓഫ് അക്കൗണ്ടിൽ 100/– രൂപ ട്രഷറിയിൽ ഒടുക്കിയ ഒറിജിനൽ ചെലാൻ (ഓരോ കാറ്റഗറിക്കും 100/– രൂപ വീതം).
7. സ്വന്തം അപേക്ഷ (Self Request)
   എന്നിവ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

# പ്രധാനമായും ശ്രദ്ധിക്കേണ്ടവ

- ഹാൾടിക്കറ്റ് പരീക്ഷാകേന്ദ്രത്തിലെ ഇൻവിജിലേറ്റർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- അസ്സൽ ഹാൾടിക്കറ്റ് നഷ്ടപ്പെട്ട ശേഷം ഡ്യൂപ്ലിക്കേറ്റ് ഹാൾ ടിക്കറ്റ് ലഭ്യമായവർക്ക് വീണ്ടും ഇൻവിജിലേറ്റർ ഒപ്പ് രേഖപ്പെടുത്തേണ്ടതില്ല.
- പരീക്ഷാ ഫീസിളവ്, ജാതിയുടെ ആനുകൂല്യം എന്നിവയ്ക്ക് അർഹരാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളവരിൽ നിന്നും ആയതിന്റെ അസൽരേഖ നിർബന്ധമായും പരിശോധിക്കേണ്ടതാണ്.
- അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ പരിശോധനാ വേളയിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ, തുല്യത എന്നിവ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി/ബോർഡ്-ൽ നിന്നും ലഭ്യമാക്കിയതിന് ശേഷം മാത്രമേ സർട്ടിഫിക്കറ്റ് പരിശോധന നടത്തുവാൻ പാടുള്ളൂ.
- ബി.എഡ്, ഡി.എഡ്, ഡി.എൽ.എഡ് പഠിച്ചു കൊണ്ടിരിക്കെ പരീക്ഷയെഴുതിയവർ കെ-ടെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ രണ്ടാംവർഷം പഠിക്കുകയായിരുന്നുവെന്ന് സ്ഥാപന മേലധികാരി നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരം ഉറപ്പുവരുത്തേണ്ടതും വിജയിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ വെരിഫിക്കേഷൻ പൂർത്തീകരിച്ച് നൽകുവാൻ പാടുള്ളൂ.
- പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റ് എന്നിവ പരിശോധനയ്ക്കായി പരിഗണിക്കാവുന്നതാണ്.
- പരിശോധനയ്ക്കായി യഥാസമയം ഹാജരാകാത്തവർക്ക് തൊട്ടടുത്ത കെ-ടെറ്റ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്ന വേളയിൽ മാത്രമേ അവസരം നൽകേണ്ടതുള്ളൂ. എന്നാൽ സർട്ടിഫിക്കറ്റ് അടിയന്തരമായി ആവശ്യമുള്ളവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് വെരിഫിക്കേഷൻ ചെയ്ത് നൽകാവുന്നതാണ്.
- വെരിഫിക്കഷൻ പൂർത്തിയായി പരീക്ഷാഭവനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർ ഓൺലൈൻ issue ചെയ്ത് മാത്രമേ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ പാടുള്ളൂ.
- നോട്ടിഫിക്കേഷൻ പ്രകാരം കൃത്യമായ രീതിയിലുള്ള ഫോട്ടോ അപ്ലോഡ് ചെയ്യാത്തവരെ പരീക്ഷാഭവനിൽ നിന്നും പരീക്ഷയ്ക്ക് മുന്നോടിയായി നിരസിച്ചിട്ടുള്ളതും എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ നിരസിക്കപ്പെടാതെപോയ ഏതെങ്കിലും അപേക്ഷകർ വിജയിച്ച് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കോ/അടിയന്തിരമായി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനോ ബന്ധപ്പെടുകയാണെങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥികളോട് ഫോട്ടോ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകേണ്ടതും ഫോട്ടോ തിരുത്തി പുതിയ ഹാൾടിക്കറ്റ് ലഭിച്ച ശേഷം മാത്രമേ വെരിഫിക്കേഷൻ നടത്തുവാൻ പാടുള്ളൂ.
- 2025 ഡിസംബറിലെ കെ-ടെറ്റ് പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയശേഷം അടിയന്തിര സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. അർഹരായ എല്ലാ ഉദ്യോഗാർത്ഥികളുടെയും സർട്ടിഫിക്കറ്റുകൾ ഒരുമിച്ച് മാത്രമേ ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുകയുള്ളൂ.

- കെ-ടെറ്റ് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിരുന്ന യോഗ്യതകൾ പ്രകാരമല്ലാതെ അപേക്ഷ സമർപ്പിക്കുകയും പരീക്ഷ എഴുതി വിജയിക്കുകയും ചെയ്ത ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ നിരുപാധികം നിരസിക്കേണ്ടതും ആയത് സംബന്ധിച്ചുള്ള എല്ലാ തീരുമാനവും ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.
- **വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ ഓൺലൈനായി പരീക്ഷാഭവനിലേയ്ക്ക് സമയബന്ധിതമായി തന്നെ പരാതികൾക്കിട നൽകാതെ അപ്ലോഡ് ചെയ്യാൻ എല്ലാ ജില്ലാവിദ്യാഭ്യാസആഫീസർമാരും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.**
- കാസ്റ്റ്, കാറ്റഗറി എന്നിവ തെറ്റായി രേഖപ്പെടുത്തുകയും പരീക്ഷാഫലം പ്രഖ്യാപിച്ചതിൽ വിജയിക്കാത്തവരുമായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ അസൽ രേഖകൾ പരിശോധിച്ച് ജാതി സർട്ടിഫിക്കറ്റ് സഹിതം ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതും വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.
- കെ-ടെറ്റ് വിജ്ഞാപനം, സർട്ടിഫിക്കറ്റുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പരീക്ഷാ ഭവന്റെ pareekshabhavancgl@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.
- **വെരിഫിക്കേഷൻ ആരംഭിക്കുന്ന തീയതി മുതൽ മുൻ വർഷങ്ങളിൽ വിജയിച്ചവരുടെ സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി ലഭ്യമാകുന്നതിന് അപേക്ഷ ഈ കാര്യാലയത്തിലേക്ക് നൽകുവാൻ പാടില്ലാത്തതും വെരിഫിക്കേഷൻ പൂർത്തീകരിച്ച് മുൻ വർഷങ്ങളിലേയും 2025 ഡിസംബറിലെയും സർട്ടിഫിക്കറ്റുകൾ ഒരുമിച്ച് മാത്രമേ ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുകയുള്ളൂ എന്ന വിവരം പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തുന്നു.**
- **ചില ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ, അനുവദിച്ചു നൽകുന്ന സമയപരിധിക്കുള്ളിൽ വെരിഫിക്കേഷൻ പൂർത്തീകരിക്കുകയും എന്നാൽ ഈ കാര്യാലയത്തിലേക്ക് ഓൺലൈൻ മുഖാന്തിരം സമർപ്പിക്കാൻ കാലതാമസം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം ഇനിയും ആവർത്തിക്കുന്ന പക്ഷം മതിയായ അച്ചടക്ക നടപടി കൈക്കൊളളുന്നതാണെന്ന് അറിയിക്കുന്നു.**

**സെക്രട്ടറി**

സ്വീകർത്താവ്:

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.